പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1500 — 15.02.2016-ൽ മറുപടിക്ക്

# നഗരസഭകളിലെ മാലിന്യസംസ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) മാലിന്യ നിർമ്മാർജ്ജന സംസ്ക്കരണത്തിനായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ എന്നിവ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) മാലിന്യ നിർമ്മാർജ്ജന സംസ്ക്കരണത്തിനായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും മുൻസിപ്പൽ കോർപ്പറേഷനുകളിലും ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പൊതു മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയവ സ്ഥാപിക്കുന്നതിനും പൊതു മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ഉറവിട മാലിന്യ സംസ്ക്കരണ നടപടികൾ ഏതെല്ലാം നഗരങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്; | (ബി) സംസ്ഥാനത്തെ പത്തനംതിട്ട ഒഴികെയുള്ള എല്ലാ നഗരസഭകളിലും ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) ഇവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിട്ടുണ്ടോ ; | (സി) ഉണ്ട്. |

(ഡി) മാലിന്യ സംസ്ക്കരണ പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യ ക്ഷമമായി നടപ്പാക്കുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) മാലിന്യ സംസ്ക്കരണ പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുന്ന മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും വിതരണം ചെയ്തുവരുന്നു.

(ഇ) മാലിന്യ സംസ്ക്കരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

(ഇ) സ്വീകരിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ